ങ്കിൽ രണ്ടു മാസത്തിനകം പ്രശ്നങ്ങൾ ഉന്നയിച്ച് അതിനുശേഷം രണ്ടു മാസങ്ങൾക്കുള്ളിൽ അതിനെ സംബന്ധിച്ച അന്തിമതീരുമാനം പുറപ്പെടുവിക്കാൻ കഴിയുന്നതാണ്. സ്വകാര്യ ആശുപത്രി ജീവനക്കാർക്ക് 1960-ലെ ഷോപ്സ് ആന്റ് കമ്മേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1948-ലെ മിനിമം വേജസ് ആക്ട് എന്നിവ ബാധകമാണ്. ഇവരുടെ സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ച് പഠിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിക്കാൻ ഇപ്പോൾ തൽക്കാലം ഉദ്ദേശമില്ല. ഈ പുതിയ നോട്ടിഫിക്കേഷൻ വന്നതിനുശേഷം ആ നോട്ടിഫിക്കേഷനിൽ മിനിമം വേജസ്സിനെ സംബന്ധിച്ച് പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് അടിയന്തിരമായി ഗവണ്മെന്റ് ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രൊഫ. മീനാക്ഷി തമ്പാൻ : നോട്ടിഫിക്കേഷൻ വേതനത്തെക്കുറിച്ചു മാത്രമുള്ളതാണ്. മിനിമം വേതനം പുതുക്കി നിർണ്ണയിക്കുന്നതിന് മാത്രമുള്ള നോട്ടിഫിക്കേഷനാണ്. ഞാൻ ഇവിടെ പറഞ്ഞതിൽ പലതും സേവനവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ജോലി സ്ഥിരത, സംഘടനാസ്വാതന്ത്ര്യം, ക്ളിപ്തമായ ജോലിസമയം, പ്രോവിഡന്റ് ഫണ്ട്, വീക്ക്ലി ഓഫ് എന്നിങ്ങനെ ഈ സേവനവുമായി ബന്ധപ്പെട്ട് സ്വകാര്യ ആശുപത്രിയിൽ ഇന്നുള്ള കാര്യങ്ങളെക്കുറിച്ച് പഠിക്കാനായി എന്തെങ്കിലും സംവിധാനമേർപ്പെടുത്തി റിപ്പോർട്ട് സ്വീകരിച്ച് നടപടി സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : ഈ ആനുകൂല്യങ്ങളൊന്നും ഇപ്പോൾ പല ആശുപത്രികളിലും കിട്ടുന്നില്ലെന്നുള്ളത് സത്യമാണ്. അതിന് പ്രത്യേക പഠനം ആവശ്യമില്ല. പക്ഷെ, അത് നേടിയെടുക്കുന്നതിന് അവരവരുടെ സംഘടനാശേഷിയല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. നമ്മൾ ഒരു പഠനം നടത്തിയതുകൊണ്ടുമാത്രം കാര്യമില്ല. ബഹുമാനപ്പെട്ട മെമ്പർക്കും എല്ലാവർക്കുമറിയാം. പരിമിതമായ ആനുകൂല്യങ്ങളാണ് പല ആശുപത്രികളിലും കൊടുക്കുന്നത്. സർക്കാരിന് ഇതിൽ ഒരു നിയന്ത്രണവും ഏർപ്പെടുത്താൻ കഴിയുകയില്ല. ഈ പ്രശ്നങ്ങൾ യഥാർത്ഥത്തിൽ ഗവണ്മെന്റിന് അറിയാം. പല ആശുപത്രികളിലും ശക്തമായ സംഘടനകളുണ്ട്. അവരുടെ ആവശ്യങ്ങൾ നേടിയെടുത്ത് പ്രവർത്തിക്കുന്ന ആശുപത്രികൾ പല സ്ഥലത്തുമുണ്ട്. അത് അവിടത്തെ സംഘടനയുടെ ബാർഗെയിനിംഗ് കപ്പാസിറ്റി അനുസരിച്ചിരിക്കും. അതല്ലാതെ മറ്റൊരു മാർഗ്ഗം, ഒരു കുറുക്കുവഴിയുണ്ടെന്ന് എനിക്ക് തോന്നുന്നില്ല.

IV. സബ്മിഷൻ

(1) അങ്കമാലി ലിറ്റിൽഫ്ളവർ ആശുപത്രിയിലുണ്ടായ അനിഷ്ട സംഭവങ്ങളെത്തുടർന്ന് കേരളത്തിലെ സ്വകാര്യ ആശുപത്രികളിലെ പണിമുടക്ക്

ശ്രീ. കെ.എം. മാണി : സർ, വാസ്തവത്തിൽ ഈ വിഷയം ഒരു അടിയന്തിരപ്രമേയമായിട്ട് ഉന്നയിക്കാനാണ് ഞാൻ അങ്ങേയ്ക്ക് എഴുതിത്തന്നത്. അങ്ങ് നിർദ്ദേശിച്ചതനുസരിച്ച് സബ്മിഷനായിട്ട് അവതരിപ്പിക്കുകയാണ്. സ്വകാര്യ ആശുപത്രികളിൽ ഇന്ന് ഉച്ചയ്ക്കുശേഷം ഒ.പി. മുടങ്ങുകയാണ്. ഇന്ന് പത്രങ്ങൾ അത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ സ്വകാര്യമേഖലയിലെ ആശുപത്രികളിൽ ഇന്ന് ഉച്ചകഴിഞ്ഞ് ഒ.പി. വിഭാഗം മുടങ്ങും. കാത്ത

LIBRARY ARCHIVES Kerala Legislative Assembly

ലിക് ഹോസ്പിറ്റൽ അസോസിയേഷന്റെ ആഹ്വാനപ്രകാരം ഇന്ന് ഉച്ചയ്ക്കു ശേഷം കത്തോലിക്കസഭയുടെ ആശുപത്രികളിൽ ഒ.പി. വിഭാഗം പ്രവർത്തിക്കുകയില്ല. ക്രിസ്റ്റ്യൻ ഹോസ്പിറ്റൽ അസോസിയേഷൻ, ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ എന്നിവയും ഇതേ ആഹ്വാനം നൽകിയിട്ടുണ്ട്. ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ അംഗങ്ങളായ ഡോക്ടർമാർ മദ്ധ്യ കേരള മേഖലയിൽ ഇന്ന് ഉച്ചകഴിഞ്ഞ് ആശുപത്രി ബഹിഷ്കരിക്കുമെന്നാണ് ഐ.എം.എ. പ്രസിഡന്റിന്റെ അറിയിപ്പ്. ഈ വളരെ ഗുരുതരമായ സ്ഥിതിവിശേഷം നിയമസഭയിൽ ചർച്ച ചെയ്യുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

സർ, 23-ാം തീയതി അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിക്കുനേരെ നടന്ന പൈശാചികമായ ആക്രണത്തോടുള്ള പ്രതിഷേധ സൂചകമായിട്ടാണ് ഡോക്ടർമാർ പണിമുടക്കുന്നത്. അതുപോലെതന്നെ ഒ.പി. വിഭാഗം അടച്ചു പൂട്ടുന്നത്. ഇന്നലെ ഏതാനും എം.എൽ.എ. മാർ, കക്ഷിനേതാക്കൾ, ഞാൻ, ശ്രീ. ഉമ്മൻചാണ്ടി, ശ്രീ. ടി.എം. ജേക്കബ്, ഡോ. എം.കെ. മുനീർ, ശ്രീ. പി.ജെ. ജോയി, മുൻമുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ, ശ്രീ. വി.ആർ. കൃഷ്ണയ്യർ എന്നിവർ ഈ ആശുപത്രി, ഈ സംഭവസ്ഥലം, പരിശോധിക്കുകയുണ്ടായി. വാസ്തവം പറഞ്ഞാൽ, ഞങ്ങൾ ചെന്നുകണ്ടപ്പോൾ ഞെട്ടിപ്പോയി. അവിടത്തെ കന്യാസ്ത്രീകളും നേഴ്സുമാരും കണ്ണീരോടുകൂടിയാണ് അവിടെ നടന്ന പൈശാചികമായ സംഭവം ഞങ്ങളോട് വിവരിച്ചത്. പടയൊഴിഞ്ഞ ഒരു പടക്കളംപോലെയാണ് അവിടം ഞങ്ങൾ കണ്ടത്. ഒ.പി. വിഭാഗം തകർക്കപ്പെട്ടിരിക്കുന്നു. കാഷ്വാലിറ്റി തകർക്കപ്പെട്ടിരിക്കുന്നു, സ്കാനിംഗ് സെന്റർ തകർത്തു, ആശുപത്രിയുടെ മുഴുവൻ ജനലുകളും കതകുകളും തകർത്തിരിക്കുകയാണ്. 3-ാം നിലയിൽ കയറി രോഗികൾക്ക് വെള്ളം കൊടുക്കുന്നതിനുള്ള പൈപ്പ് ലൈൻ മുഴുവൻ തകർത്തു. ടെലിഫോൺ എക്സ്ചേഞ്ച് തകർക്കാൻവേണ്ടിയുള്ള ശ്രമം നടന്നു. ടെലിഫോൺ ഡിസ്കണക്ട് ചെയ്തു. ഇത്രമാത്രം നിഷ്ഠൂരമായ, കിരാതമായ സംഭവം കേരളത്തിലുണ്ടായിട്ടുണ്ടോയെന്ന് സംശയിക്കുകയാണ്. ഡി.വൈ.എസ്.പി. തുടങ്ങിയ ഉന്നതരായ പോലീസുദ്യോഗസ്ഥൻമാർ നോക്കിനിൽക്കേയാണ് ഈ സംഭവം നടന്നത്. ഞാൻ അതിലേയ്ക്ക് കൂടുതൽ വിശദീകരിച്ചുപോകുന്നില്ല. നമ്മുടെ സംസ്ഥാനത്തെ നിയമസഭാസമാധാന തകർച്ചയുടെ, പോലീസിന്റെ നിർവീര്യതയുടെ ഉദാഹരണം ഇതിൽക്കൂടുതൽ വേണമോ? അവിടെ ഏതാനും പേരെ അറസ്റ്റ് ചെയ്തു. 9 പ്രതികളെ അറസ്റ്റ് ചെയ്തു. ഒൻപത് പ്രതികളെ അറസ്റ്റ് ചെയ്തത് യഥാർത്ഥ പ്രതികൾ അല്ല. ഈ റൗഡിസ്സത്തിന് നേതൃത്വം കൊടുത്ത ജോസഫൈൻ ആകട്ടെ, വർഗ്ഗീസ് ആകട്ടെ അവരെയൊന്നും അറസ്റ്റ് ചെയ്യാതെ, നിയമവിധേയമാക്കാതെ വേറെ ഒൻപതുപേരുടെ പേരിൽ കേസ് എടുത്തു, ബെയിലബിൾ ഒഫൻസാണ്. ഇത്രമാത്രം കോൺസ്പിറസി, അവിടെ ട്രെസ്പാസ് ചെയ്ത് ലക്ഷണക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങൾ വരുത്തി, അസഭ്യവർഷം നടത്തി, അവരുടെ പേരിൽ ബെയിലബിൾ ഒഫൻസ് ഇട്ടു.

സർ, ഞങ്ങൾ ചെന്നു കണ്ടപ്പോൾ ഒരു ബൈബിൾ ഡാമേജ് ചെയ്തിരിക്കുന്നു ..... ബഹളം ..... ഞങ്ങൾ കണ്ടതാണ്. അതിന് ഇവർക്ക് ഇത്ര വിഷമമെന്താണ്? ..... ബഹളം ..... ഞങ്ങൾ, ഇത്രയും നേതാക്കൻമാർ കണ്ട കാര്യമാണ് പറയുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, പോയിന്റ് ഓഫ് ഓർഡർ. അങ്ങയുടെ റൂളിംഗ് വേണം.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ജി. കാർത്തികേയൻ</u> : സബ്മിഷനിടയിൽ പോയിന്റ് ഓഫ് ഓർഡർ ഇല്ല.

<u>മി. സ്പീക്കർ</u> : ശ്രീ. കെ.എം. മാണി സംസാരിക്കട്ടെ.

<u>ശ്രീ. കെ.എം. മാണി</u> : ഇൻഡ്യൻ പീനൽ കോഡ്, വകുപ്പ് 295 ..... destroys, damages or defiles any place of worship, or any object held sacred by any class of persons with intention or thereby insulting the religion of any class of persons .....

നോൺ-ബെയിലബിൾ ആയിട്ടുള്ള ഒരു വകുപ്പ് ഇരിക്കെ ഇത്രമാത്രം അക്രമങ്ങൾ അവിടെ നടത്തിയ സംഭവത്തെ സംബന്ധിച്ചിടത്തോളം നോൺ-ബെയിലബിൾ ഒഫൻസ് നടത്തിയ പ്രതികൾക്കെതിരെ ബെയിലബിൾ ഒഫൻസ് ഇട്ടിട്ട് അവരെ അറസ്റ്റ് ചെയ്യുകയും അവരെ ബെയിലിൽ വിടുകയും ചെയ്ത നാടകം എത്രയോ ആക്ഷേപകരമാണ്. അതിന് നേരെ വിപരീതമായിട്ട് എന്ത് ഉണ്ടായി? ഈ ഏരിയാ കമ്മിറ്റി സെക്രട്ടറിയായ വർഗ്ഗീസിന്റെ സഹായിയായ, ഉന്തും തള്ളും ഉണ്ടാക്കിയ, കുഞ്ഞച്ചനുണ്ട്. ആ കുഞ്ഞച്ചൻ പ്രതിയാണ്. ആ കുഞ്ഞച്ചന്റെ സഹായിയായ ഒരു സാജുവുണ്ട്. ആ സാജുവിന്റെ പേരിൽ പോലീസ് കേസ് എടുത്തു. എന്താണെന്ന് അറിയാമോ? 23-ാം തീയതി രാത്രി സാജുവിന്റെ വീട്ടിൽ പോലീസ് ചെന്ന് സാജു എവിടെയെന്ന് ചോദിച്ചു. സാജു അവിടെ ഇല്ലായിരുന്നു. സാജു അവിടെ ഇല്ലാത്തതിന്റെ പേരിൽ 80 വയസ്സായ അയാളുടെ വൃദ്ധനായ, രോഗിയായ പിതാവിനെ പോലീസ് അറസ്റ്റ് ചെയ്ത് പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി. ആ വൃദ്ധനായ പിതാവിനെ 26 മണിക്കൂർ അങ്കമാലി പോലീസ് സ്റ്റേഷനിൽ ലോക്കപ്പിലിട്ടു. ശ്രീ. ഉമ്മൻചാണ്ടി, ശ്രീ. ടി.എം. ജേക്കബ്, ശ്രീ. മുനീർ, ശ്രീ. പി.ജെ. ജോയി, യു.ഡി.എഫ്. നേതാക്കന്മാർ, ഞങ്ങൾ പോലീസ് സ്റ്റേഷനിൽ ചെന്ന് ഡിവൈ.എസ്.പിയുമായും എസ്.പി.യുമായും ചർച്ച ചെയ്തു. എറണാകുളം റൂറൽ എസ്.പി.യുമായി ചർച്ച ചെയ്ത്, ഇത് തെറ്റാണ്, നിയമവിരുദ്ധമാണ് എന്ന്, യു.ഡി.എഫ്. നേതാക്കൻമാർ വാദിച്ച് അവസാനം വൃദ്ധനായ പിതാവിനെ വിട്ടുകിട്ടി. ഇതിൽക്കൂടുതൽ ഒരു നാടകമുണ്ടോ? ശ്രീ. വി.ആർ. കൃഷ്ണയ്യർ ഇതുസംബന്ധിച്ച് ഒരു സ്റ്റേറ്റുമെന്റ് ഇറക്കിയിട്ടുണ്ട്. ലോകപ്രശസ്തമായ, ഇൻഡ്യയിൽ മാത്രമല്ല ലോകത്തെവിടേയും പ്രശസ്തിയാർജ്ജിച്ചിട്ടുള്ള ഒരു മിഷൻ ഹോസ്പിറ്റലിനുനേരെ നടന്ന നരനായാട്ട്, കിരാതമായ ആക്രമണത്തിൽ ലജ്ജ തോന്നുന്നില്ലേ? ആരാണ് ഇതിന് ഉത്തരവാദി? ഉത്തരവാദി സംസ്ഥാനത്തെ പോലീസാണ്. പോലീസ് നോക്കിനിൽക്കെ ആക്രമണം നടക്കുന്നു. 11 മണിക്ക് ആരംഭിച്ച് നാലുമണിവരെ അഞ്ചുമണിക്കൂർ സംഘർഷം മുറ്റിനിൽക്കേ പോലീസിന്റെ കൺമുൻപിൽവച്ച് ആക്രമണം നടന്നുവെങ്കിൽ കുറ്റക്കാർ പോലീസാണ്. രണ്ടാമത്തെ കുറ്റക്കാരൻ ആഭ്യന്തരമന്ത്രിയാണ്. എനിക്ക് അങ്ങയോട് വലിയ ബഹുമാനമാണ്. ആഭ്യന്തര വകുപ്പു മന്ത്രി, അങ്ങ് നയിക്കുന്ന പോലീസ് കൃത്യവിലോപം കാണിച്ചിരിക്കുന്നു. ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ പറഞ്ഞിരിക്കുന്നത് എന്താണെന്നറിയുമോ? ആശുപത്രിയിൽ നടന്ന കാടത്തത്തിന് ഉത്തരവാദികളായവർ ജനങ്ങളോട് മാപ്പു പറയണമെന്നാണ് ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ പറഞ്ഞിരിക്കുന്നത്. ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ ഇന്നലെ അവിടെ വന്നു കണ്ടു. ഒരു ട്രെയിൻ മറിഞ്ഞപ്പോൾ അതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് അന്നത്തെ റെയിൽവെമന്ത്രി ശ്രീ. ലാൽബഹദൂർ ശാസ്ത്രി രാജി വച്ചു. ബഹുമാനപ്പെട്ട നായനാർ, ലോകപ്രശസ്തമായ ഒരു മിഷൻ ഹോസ്പിറ്റലിനു നേരെ അങ്ങയുടെ പാർട്ടിയുടെ നേതൃത്വത്തിലുള്ള ഗുണ്ടാസംഘം അഞ്ചു മണിക്കൂർ

LIBRARY ARCHIVES Kerala Legislative Assembly

നീണ്ടു നിന്ന ഗുണ്ടാവിളയാട്ടം നടത്തി അഞ്ചു ലക്ഷത്തിൽപ്പരം രൂപ്യുടെ നാശനഷ്ടങ്ങളുണ്ടാക്കിയെങ്കിൽ, കന്യാസ്ത്രീകൾക്കും നേഴ്സുമാർക്കും നേരെ അസഭ്യവർഷം നടത്തിയെങ്കിൽ അതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് അങ്ങ് ജനാധിപത്യമര്യാദ അനുസരിച്ച് രാജി വയ്ക്കണം. ഇല്ലെങ്കിൽ ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ പറഞ്ഞതുപോലെ സംഭവത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് അങ്ങ് ഈ സംസ്ഥാനത്തെ ജനങ്ങളോട് മാപ്പു പറയണം. മാപ്പു പറയാതെ അങ്ങ് അവിടെയിരിക്കുന്നതു ശരിയല്ല. അതു സംബന്ധിച്ച് ഒരു ജുഡീഷ്യൽ എൻക്വയറി നടത്തണം. യഥാർത്ഥ പ്രതികളെ അറസ്റ്റു ചെയ്യണം. കുറ്റക്കാരായ പോലീസുകാരുടെ മേൽനടപടിയുണ്ടാകണം. നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം അനുവദിക്കണം. ഇക്കാര്യങ്ങൾ അങ്ങു ചെയ്യണം. ജുഡീഷ്യൽ എൻക്വയറി, നഷ്ടപരിഹാരം യഥാർത്ഥ പ്രതികളെ അറസ്റ്റു ചെയ്യൽ പോലീസിനു നേരെ നടപടി ഇത്തരം കാര്യങ്ങൾ ചെയ്തുകൊണ്ട് മുഖ്യമന്ത്രിയുടെ ഉത്തരവാദിത്വം നിറവേറ്റാൻ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതിൽനിന്നും രണ്ടു വാക്കുകളേ പുതിയതായിട്ടുള്ളൂ. ഒന്ന് ഞാൻ രാജി വയ്ക്കണം. രണ്ട്, കുഞ്ഞച്ചന്റെ പിതാവിനെ പീഡിപ്പിച്ചതു അന്വേഷിക്കണം. അത് അന്വേഷിക്കാം. ശ്രീ. കെ.എം. മാണി കാസർഗോഡു മുതൽ നൂറു നാഴിക നടന്നു വന്ന് പ്രസംഗിച്ചിട്ടും ഞാൻ രാജി വച്ചില്ല ..... (ബഹളം) ..... കാലിന് കുഴമ്പിട്ട് നടക്കുയാണിപ്പോൾ. ഞാൻ രാജി വച്ചില്ല ..... (ബഹളം) ..... കാസർഗോഡു മുതൽ ജാഥാ നയിച്ച് ജീപ്പിലും വാഹനത്തിലും വന്നല്ലോ. എന്നിട്ട് ഇപ്പോൾ കാലിൽ കുഴമ്പിട്ട് നടക്കുകയാണ്. ഞാൻ രാജി വച്ചില്ല അതാണ് ശ്രീ. മാണിക്ക് ഒരു ബുദ്ധിമുട്ട്. ഇപ്പോൾ പറയുന്നതും ഞാൻ രാജി വയ്ക്കണമെന്നാണ്. എന്താണെന്നറിയാമോ മുഖ്യമന്ത്രിസ്ഥാനം കിട്ടുമെന്നു വിചാരിച്ച് വായിൽ വെള്ളവും ഊറി നടക്കുകയാണ്. ഒരു മന്ത്രിസ്ഥാനത്തിനുവേണ്ടി കുപ്പായവും തയ്പ്പിച്ച് ഡൽഹിവരെ പോയി. ആ കുപ്പായം വെള്ളത്തിൽ മുക്കിയിട്ടാണല്ലോ തിരിച്ചുവന്നത്. ഇപ്പോൾ ഞാൻ മുഖ്യമന്ത്രിസ്ഥാനം രാജി വയ്ക്കണമെന്നാണ് പറയുന്നത്. ശ്രീ. മാണിക്ക് പാലായിൽ വേറെ പണിയില്ലേ? വേറെ തൊഴിലൊന്നും മാണിക്കില്ലേ? തേങ്ങ വിൽക്കുകയല്ലേ ഇതിനേക്കാൾ നല്ലത്? അതുകൊണ്ട് രണ്ടു വാക്കേ ശ്രീ. മാണി പുതിയതായി പറഞ്ഞിട്ടുള്ളൂ. ബാക്കിയെല്ലാം ഇന്നലെ ഇവിടെ പ്രസംഗിച്ചതാണ്. ..... (തടസ്സം) ..... അതുകൊണ്ടാണല്ലോ പാലായിൽ കേസ് വാദിക്കാതെ ഇവിടെ വന്ന് കുത്തിയിരിക്കുന്നത്. ഐ.പി.സി. പഠിച്ചിട്ടുണ്ട്. ഐ.പി.സി. യിൽ നല്ല വിവരമുണ്ടെങ്കിൽ അവിടെതന്നെ പണം കിട്ടുമായിരുന്നു. ഇവിടെ പുസ്തകം നോക്കിയിട്ട് ഐ.പി.സി. പറയുകയാണ്. ഐ.പി.സി. ആര്യാടനെ പഠിപ്പിക്കണം. എന്നെ പഠിപ്പിക്കണ്ട. എനിക്ക് ഐ.പി.സി. പഠിക്കുകയും വേണ്ട. ശ്രീ. മാണിക്ക് പാലായിൽ കേസ് കിട്ടാത്തതുകൊണ്ടാണ് ഇവിടെ വന്ന് കുത്തിയിരിക്കുന്നത്. ഐ.പി.സി. യിൽ നല്ലതുപോലെ വിവരമുണ്ട്. പക്ഷെ അവിടെ കേസ് കിട്ടുകയില്ല. അതുകൊണ്ട് മാണിവക്കീല് ഇവിടെ ഇരിക്കുകയാണ്. ഈ മാണി വക്കീലിന്റെ വിവരം കേൾക്കട്ടെ. മാണിവക്കീലിന് ഞാൻ രാജി വച്ചുകൊടുക്കണം. നടന്നാലും ജീപ്പിൽ പോയാലും അതു നടക്കുകയില്ല. അതിനു വേറെ പണി നോക്കണം. ശ്രീ. മാണിയേക്കാൾ കാസർകോഡ് എനിക്കറിയാം. ആ കാര്യം നോക്കണ്ട. ശ്രീ. മാണി എന്താണ് ബൈബിളിനെപ്പറ്റി പറഞ്ഞത്. ബൈബിൾ നശിപ്പിച്ചു എന്നുള്ള ഒരു പരാതിയും അവിടത്തെ അധികൃതരോ ഡോക്ടർമാരോ പോലീസിനു നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എം. ജേക്കബ് : അവിടത്തെ പോലീസിന്റെ മഹസ്സറിൽ അതുണ്ട്.

ശ്രീ. ഇ.കെ. നായനാർ : ആ ആക്ഷേപം പോലീസിന് കിട്ടിയിട്ടില്ല എന്നാണ് എനിക്ക് കിട്ടിയിട്ടുള്ള ഇൻഫർമേഷൻ. പോലീസിനു കൊടുത്തിട്ടുള്ള പരാതിയിൽ ബൈബിൾ നശിപ്പിച്ച പരാതി കിട്ടിയിട്ടില്ല. അങ്കമാലി ഹോസ്പിറ്റലിൽ ജൂൺ 23 ന് ഉണ്ടായ അക്രമസംഭവങ്ങളിൽ കക്ഷി വ്യത്യാസമില്ലാതെ എല്ലാവരും പ്രതിഷേധിച്ചു. ജസ്റ്റീസ് കൃഷ്ണയ്യർ മാത്രമല്ല. മാണിയെക്കാൾ ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യരെ എനിക്കറിയാം. സംഭവത്തെ അപലപിച്ചുകൊണ്ട് ഇന്നലെ ഞാൻ സഭയിൽ ചെയ്ത പ്രസ്താവന ..... (ബഹളം) ..... നിങ്ങളെക്കാൾ എനിക്ക് കൃഷ്ണയ്യരെപ്പറ്റി അറിയാം.

ശ്രീ. ആര്യാടൻ മുഹമ്മദ് : ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യരെ പുച്ഛിക്കുന്നതു ശരിയല്ല.

ശ്രീ. ഇ.കെ. നായനാർ : ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യരെ എനിക്ക് അറിയാം. അതു പറയാമെന്നുള്ളതുകൊണ്ട് ഞാൻ പറയുന്നത്. ആശുപത്രിക്കുനേരെ ആക്രമം നടത്തുന്നതു ആരായാലും അതിനെ എല്ലാ ശക്തിയും ഉപയോഗിച്ച് എതിർക്കും. അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിലുണ്ടായ സംഭവത്തിൽ സ്വകാര്യ ആശുപത്രികൾ പ്രതിഷേധിക്കുന്നതായി പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആശുപത്രിയുടെ പ്രവർത്തനത്തിന് തടസ്സമില്ലാത്ത വിധം അത്യാഹിത വിഭാഗം ഒഴികെയുള്ള ഒ.പി. വിഭാഗത്തിന്റെ പ്രവർത്തനം നിറുത്തി വയ്ക്കണമെന്നാണ് ചില സംഘടനകൾ ആഹ്വാനം ചെയ്തത്. പല സ്വകാര്യ ആശുപത്രി അധികാരികളുമായി ബന്ധപ്പെട്ടതിൽ നിന്നും ആശുപത്രി പ്രവർത്തനം നടത്തുമെന്നാണ് റിപ്പോർട്ട് ലഭിച്ചിട്ടുള്ളത്. സ്വകാര്യ ആശുപത്രികളുടെ ചില സംഘടനകളുടെ ആഹ്വാനം ശ്രദ്ധയിൽപ്പെട്ടപ്പോൾ സർക്കാർ ആശുപത്രിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമതയോടുകൂടി നടത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്കമാലി ആശുപത്രിയിലുണ്ടായ സംഭവത്തിൽ പ്രതികളായവരെ ഉടനെ അറസ്റ്റുചെയ്യാനും ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കാനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അവിടെയുണ്ടായ സംഭവത്തെപ്പറ്റി അന്വേഷിക്കാനും അടിയന്തിര നടപടികൾ സ്വീകരിക്കാനും അതു ജാഗ്രതപ്പെടുത്താനും വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി ശ്രീ. എസ്. ശർമ്മയെ അങ്കമാലിയിലേക്ക് ഞാൻ അയച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട ശർമ്മ ഇപ്പോൾ അവിടെയെത്തിക്കാണും. എല്ലാ പുരോഹിതൻമാരുമായിട്ടും എല്ലാ ഡോക്ടർമാരുമായിട്ടും അദ്ദേഹം സംസാരിക്കും. മനസ്സിലായോ? ഇന്ന് രാവിലെ ശ്രീ. ശർമ്മ ആശുപത്രി സന്ദർശിക്കും. ആശുപത്രി അധികൃതരുമായി ചർച്ച നടത്തി ഇപ്പോൾ സ്വീകരിച്ച നടപടികളിൽ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുവേണ്ട കാര്യങ്ങൾ ചെയ്യാൻ അദ്ദേഹത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പോരെങ്കിൽ ഞാൻ ഇടപെടാമെന്നു പറഞ്ഞിട്ടുണ്ട്. ശ്രീ. മാണി പോയതുപോലെയല്ല ശ്രീ. ശർമ്മ പോകുന്നത്. മനസ്സിലായോ? ഇപ്പോൾ സംസ്ഥാനത്തിലെ എല്ലാ സ്വകാര്യ ആശുപത്രികളും സാധാരണ പോലെ പ്രവർത്തിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ശർമ്മയുടെ നിർദ്ദേശമനുസരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും. പോലീസുദ്യോഗസ്ഥൻമാർക്കും മറ്റുള്ളവർക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്. ബഹുമാനപ്പെട്ട ശർമ്മ എല്ലാ ഭാരവാഹികളേയും ഡോക്ടർമാരേയും പിതാക്കൻമാരേയും കാണുന്നതുമാണ്.

മി. സ്പീക്കർ : ശ്രീ. ജോസ് ബേബി.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസ് ബേബി : സർ, എന്റെ സബ്മിഷനാണ്. ബഹുമാനപ്പെട്ട സ്പീക്കർ എന്നെ വിളിച്ചതാണ്. ..... (ബഹളം) ..... എന്റെ സബ്മിഷനാണ്. ശ്രീ. കാർത്തികേയാ, എന്റെ സബ്മിഷനാണ്. ..... (ബഹളം) ..... എന്റെ സബ്മിഷൻ സമയം എന്നെ അനുവദിച്ചതല്ലേ?

ശ്രീ. ജി. കാർത്തികേയൻ : സർ, അങ്കമാലി ആശുപത്രിയിൽ നടന്ന സംഭവവുമായി ബന്ധപ്പെട്ട് ഇന്നലെ പറഞ്ഞ കാര്യങ്ങൾ ഒന്നും ഇവിടെ പറയാനില്ല. പുതിയ കാര്യങ്ങളേ പറയുകയുള്ളൂ. ശ്രീ. കെ.എം. മാണി അവതരിപ്പിച്ച സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ മറുപടി തൃപ്തികരമല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി വസ്തുതകൾക്ക് വിരുദ്ധമാണ്. യഥാർത്ഥ പ്രശ്നം ആശുപത്രി തകർത്തതുമായി ബന്ധപ്പെട്ട ..... (ബഹളം) ..... സമ്മതിക്കുന്നില്ല. .....

മി. സ്പീക്കർ : അദ്ദേഹം പറയട്ടെ. ..... (ബഹളം) ..... ശ്രീ. ജി. കാർത്തികേയൻ, ഇത് ആദ്യം മുതലേ ഉണ്ടല്ലോ.....(ബഹളം) .....

ശ്രീ. ജി. കാർത്തികേയൻ : സർ, ഇത് ശരിയാണോ?

മി. സ്പീക്കർ : ഇത് ആദ്യം മുതലേയുണ്ട്.....(ബഹളം) .....

ശ്രീ. ജി. കാർത്തികേയൻ : സർ, അത് ശരിയല്ല. ഞങ്ങൾക്ക് പറയാനുണ്ട്. പറയുന്നത് കേൾക്കുകയില്ല. അത് ആൾബലം കാണിക്കലാണ്. അവർ ആൾ ബലം കാണിച്ചാൽ എങ്ങനെയാണ് പറയുന്നത്? അത് ശരിയാണോ? പുതിയ കീഴ്വഴക്കമാണ്. ..... (ബഹളം) .....

ശ്രീ. ജി. കാർത്തികേയൻ : സർ, ഞാൻ പറഞ്ഞിട്ട് എന്തെങ്കിലും കാര്യമുണ്ടോ? ഒന്നും കേൾക്കുകയില്ല. സഭ കേൾക്കാൻ വേണ്ടിയല്ലേ പറയുന്നത്? ഞാൻ പറയുന്നത് ..... അത് ശരിയല്ല .....

മി. സ്പീക്കർ : പ്ലീസ് .....

വാക്ക് ഒട്ട് നടത്താൻ എപ്പോഴും പ്രതിപക്ഷത്തിന് അവകാശമുണ്ട്. വാക്ക് ഔട്ട് നടത്തുന്നതിന് മുൻപ് ഒരു സ്റ്റേറ്റുമെന്റ് നടത്താനും അവകാശമുണ്ട്. അത് സഭയിലുള്ള കീഴ്വഴക്കമാണ്. (ബഹളം) .....

ശ്രീ. ജി. കാർത്തികേയൻ : സർ, എങ്ങനെയാണ് പറയുന്നത്. അത് കേൾക്കുകയില്ല.

മി. സ്പീക്കർ : you can continue

ശ്രീ. കാർത്തികേയൻ : സർ, അത് എങ്ങനെയാണ് പറയുന്നത്? അത് കേൾക്കുകയില്ല. (ബഹളം) .....

മി. സ്പീക്കർ : you can continue

ശ്രീ. ജി. കാർത്തികേയൻ : സർ, അങ്കമാലി ആശുപത്രിയിൽ നടന്ന സംഭവവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് എടുത്ത നടപടികളെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞതെല്ലാം യാഥാർത്ഥ്യങ്ങൾക്ക് വിരുദ്ധമാണ്. അങ്കമാലി സംഭവത്തിന് നേതൃത്വം കൊടുത്ത യഥാർത്ഥ പ്രതികളെ പോലീസ് അറസ്റ്റു ചെയ്തിട്ടില്ല. മാത്രമല്ല ..... (ബഹളം) ..... അവർ കേൾക്കുകയില്ല .....

മി. സ്പീക്കർ : you can continue..... (ബഹളം) .....

ശ്രീ. ജി. കാർത്തികേയൻ : സർ, (ഭരണ പ്രതിപക്ഷ അംഗങ്ങൾ തമ്മിൽ വാഗ്വാദം)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അവിടെയിരിക്ക് സീറ്റിൽ ഇരിക്കുക, ശ്രീ. ജി. കാർത്തികേയൻ ഇരിക്കുക.

മി. സ്പീക്കർ : ശ്രീ. പി.സി. ജോർജ്ജ്, ശ്രീ. ഗോവിന്ദൻ മാസ്റ്റർ, പ്ലീസ് ..... ഈ സഭയിൽ നടക്കുന്ന കാര്യം പുതുതായിട്ടൊന്നുമുള്ളതല്ല. സാധാരണ സഭയിൽ നടക്കുന്ന നടപടിക്രമങ്ങളിൽപ്പെടുന്ന ഒരു കാര്യമാണ്. സഭ നടന്നുകൊണ്ടിരിക്കുമ്പോൾ ഏത് സമയത്തും പ്രതിപക്ഷത്തിന് വാക്ക്ഔട്ട് നടത്താനുള്ള അവകാശമുണ്ട്. അടിയന്തിര പ്രമേയമെന്നുള്ള നിലയിൽ ഇവിടെ കൊണ്ടുവരുന്ന കാര്യങ്ങൾക്ക് മാത്രമാണ് വാക്ക് ഔട്ടിന് കക്ഷി നേതാക്കൾ സംസാരിക്കുന്നത്. മറ്റു സന്ദർഭങ്ങളിൽ കക്ഷി നേതാക്കൾക്ക് അത്തരത്തിലുള്ള അവസരം നൽകാറില്ല. അതേസമയം വാക്ക് ഔട്ടിന് മുൻപ് പ്രതിപക്ഷ നേതാവോ അല്ലെങ്കിൽ ഉപനേതാവോ ബന്ധപ്പെട്ട മറ്റാരെങ്കിലുമോ ഒരു സ്റ്റേറ്റ്മെന്റ് നടത്തിയിട്ട്, അത് ഒരു നീണ്ട പ്രസംഗമല്ല, ഒരു സ്റ്റേറ്റ്മെന്റ് നടത്തിയിട്ട് വാക്ക് ഔട്ടിന്റെ കാര്യങ്ങൾ ഇവിടെ അറിയിക്കാറുണ്ട്, അതിന് അവകാശമുണ്ട്. അതു കഴിഞ്ഞ് അവർ വാക്ക് ഔട്ട് നടത്തുന്നതാണ്. ഇതൊക്കെ അറിയുന്ന അംഗങ്ങളാണ് ഈ സഭയിലുള്ളത്. അതുകൊണ്ട് ആവശ്യമില്ലാതെ സമയം നഷ്ടപ്പെടുത്തരുത്. ശ്രീ. ജി. കാർത്തികേയൻ .....

ശ്രീ. ജി. കാർത്തികേയൻ : സർ, ഞാൻ ഒരു പ്രസംഗത്തിന് മുതിരുന്നില്ല. വളരെ ഹ്രസ്വമായ സമയമെടുത്ത് ഒരു സ്റ്റേറ്റുമെന്റ് നടത്താനാഗ്രഹിക്കുകയാണ്. ഇവിടെ മിനിഞ്ഞാന്ന് നടന്ന സംഭവവുമായി ബന്ധപ്പെട്ട ബഹുമാനപ്പെട്ട കെ.എം. മാണി സഭയിൽ ചില കാര്യങ്ങൾ പറഞ്ഞു. ആഭ്യന്തര വകുപ്പിന്റെ ചാർജ്ജ് വഹിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞ മറുപടികൾ കേരളത്തിലെ ജനങ്ങൾക്ക് സ്വീകാര്യമായതല്ല. അദ്ദേഹം പറഞ്ഞു, കുറ്റവാളികളുടെ പേരിൽ നടപടിയെടുത്തുവെന്നാണ്. ഞങ്ങൾക്ക് പറയാനുള്ളത് കുറ്റവാളികളുടെ പേരിൽ നടപടിയെടുത്തില്ല; യഥാർത്ഥ കുറ്റവാളികളെ അറസ്റ്റ് ചെയ്തിട്ടില്ല എന്നാണ്. ആരെയോ രക്ഷിക്കുന്നതിനു വേണ്ടി യഥാർത്ഥ പ്രതികളെ മാറ്റിനിറുത്തി ജാമ്യം കിട്ടുന്ന വകുപ്പുകളിട്ട് ചിലരെ അറസ്റ്റു ചെയ്തു അത്രമാത്രം. യഥാർത്ഥ കുറ്റവാളികളെ അറസ്റ്റു ചെയ്തില്ല. അത് ഒന്നാമത്തെ കാര്യം. മറ്റൊന്ന് ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ ഒരു സംഘം അവിടെ നിൽക്കെ അവരുടെ സാന്നിദ്ധ്യത്തിലാണ് ഈ അക്രമങ്ങൾ മുഴുവനുണ്ടായത്. കുറ്റക്കാരായ ഉദ്യോഗസ്ഥരുടെ പേരിലും നടപടി എടുത്തിട്ടില്ല. അതുകൊണ്ട് കുറ്റക്കാരായ ഉദ്യോഗസ്ഥൻമാരുടെ പേരിൽക്കൂടി അങ്ങ് നടപടിയെടുക്കണം. കേരളമെമ്പാടും ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരെ കൊണ്ടു നടന്ന് പ്രസംഗിച്ചവർ നിങ്ങളാണ്. ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യരുടെ അഭിപ്രായം ഇപ്പോൾ വേണ്ടെങ്കിൽ വേണ്ട. ഞാൻ ഒരുപാട് കാര്യങ്ങളിലേക്ക് പോകുന്നില്ല. ബൈബിളിന്റെ കാര്യം ശ്രീ. കെ.എം. മാണി തന്റെ സബ്മിഷനിൽ പറഞ്ഞപ്പോൾ ബൈബിൾ തൊട്ടിട്ടില്ല, ബൈബിൾ കീറിയിട്ടില്ലെന്ന് ഇവിടെ പറഞ്ഞു. ഞാൻ പ്രസംഗിക്കുന്നില്ല. ഇത് എന്താണ്? (ഒരു പത്രത്തിലെ ചിത്രം കാണിച്ചുകൊണ്ട് പത്രം സഭയുടെ മേശപ്പുറത്തു വച്ചു). കോടിക്കണക്കിന് ജനങ്ങൾ നെഞ്ചിലേറ്റി നടക്കുന്ന മഹാ ഗ്രന്ഥമാണ് ബൈബിൾ. സംശയമുണ്ടോ? ബൈബിൾ വലിച്ചു കീറിയിരിക്കുന്നു. ഇത് എന്താണ്? ബൈബിൾ, ആ വിശുദ്ധ ഗ്രന്ഥം, അക്രമികൾ നിലത്തിട്ടിരിക്കുന്നു. അതിന് കൂട്ടുനിൽക്കുന്നതിന്റെ വ്യക്തമായ ചിത്രമാണിത്. ബഹുമാനപ്പെട്ട മാണി അത് തന്റെ സബ്മിഷനിൽ പറഞ്ഞു. അപ്പോൾ മുഖ്യമന്ത്രി പറഞ്ഞു. കള്ളമാണെന്ന്. വിശുദ്ധ ഗ്രന്ഥങ്ങളുൾപ്പെടെയുള്ള ഗ്രന്ഥങ്ങൾ നശിപ്പിക്കുന്ന

കുറ്റങ്ങൾ നമ്മുടെ നിയമമനുസരിച്ച് നോൺ-ബെയിലബിൾ ഒഫൻസ് ആണ്. ബെയിലബിളല്ല. ജാമ്യം കിട്ടാൻ അർഹതയില്ലാത്ത വകുപ്പുകളിട്ട് കേസ് എടുക്കേണ്ടതിന് മനപ്പൂർവ്വമായി ..... അല്ലാതെ കേസ് എടുത്തു. ..... അത് പ്രധാനപ്പെട്ട പ്രശ്നമാണ്. പിന്നെ എങ്ങനെ ഈ പ്രശ്നത്തിന് ..... കുറ്റക്കാരുടെ പേരിൽ നടപടി എടുത്തില്ല. കുറ്റക്കാരെ അറസ്റ്റ് ചെയ്തില്ല. വിശുദ്ധഗ്രന്ഥം പോലും നശിപ്പിച്ചു. ഈ അക്രമികൾക്ക് നേതൃത്വം കൊടുത്തുകൊണ്ട് അവിടെ നിന്ന പോലീസ് ഉദ്യോഗസ്ഥന്റെ പേരിൽ നടപടി എടുത്തില്ല. പിന്നെ എന്ത് ചെയ്തുവെന്നാണ് പറയുന്നത്. ഏതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ പറഞ്ഞത് വീണ്ടും ആവർത്തിക്കാതിരിക്കണം. ഇന്നലെ പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കാതിരിക്കണമെങ്കിൽ നടപടികൾ ഉണ്ടാകണം. പശുവിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിച്ചാൽ പശുവിനെ കെട്ടുന്ന തെങ്ങിനെക്കുറിച്ച് പറയും. പശുവിനെക്കുറിച്ച് പറയുകയില്ല. മിനിഞ്ഞാന്ന് അങ്കമാലിയിൽ നടന്ന സംഭവങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എന്തെങ്കിലുമുണ്ടായോ, നടപടികൾ എടുത്തില്ല. ഈ സംഭവത്തിന് നേതൃത്വം കൊടുത്ത മാർക്സിസ്റ്റ് പാർട്ടിയുടെ പ്രാദേശിക നേതാക്കൻമാരെ സംരക്ഷിക്കാൻ വേണ്ടി ഈ ഗവൺമെന്റ് എടുത്തിരിക്കുന്ന രാഷ്ട്രീയ പ്രേരിതമായ ..... ചർച്ചയ്ക്ക് വഴങ്ങാത്തത് അധികാരത്തിന്റെ ഹുങ്കാണ്, മസിൽ പവർ ആണ്, പ്രാദേശിക നേതാക്കൻമാരുടെ കൈകളിലേയ്ക്ക് നാടിന്റെ ജനകീയ ഭരണത്തെയും ജനകീയ ..... ഒരു കാര്യംകൂടി പറയട്ടെ, യുദ്ധം നടക്കുമ്പോൾ പോലും ആശുപത്രികളെ മാറ്റിനിറുത്തുന്നു. 100 സുഹൃത്തുക്കളെ കൊന്നു ഞങ്ങൾ 5 പേർ രാജ്യം ഭരിക്കാൻ, യുദ്ധം നടക്കുമ്പോഴും ആളുകളെ ചികിത്സിക്കുന്ന, ആശുപത്രികളെ ഒഴിവാക്കുന്നു. മുമ്പ് നിങ്ങൾ ബന്ത് നടത്തിയപ്പോഴും ആശുപത്രികളെ ഒഴിവാക്കിയത് എന്തിനാണ്? ആശുപത്രികൾക്ക് പ്രത്യേകതയുണ്ട്. അങ്ങനെയുള്ള ആശുപത്രികളെപോലും,. സാംസ്കാരിക നിലയങ്ങളെ, പാർട്ടികളെ, പാർട്ടി ആഫീസുകളെ, പ്രവർത്തകൻമാരുടെ വീടുകളെ എല്ലാവരെയും ആക്രമിക്കുന്നതുപോലെ ആശുപത്രികളെയും ആക്രമിച്ച് കീഴ്പ്പെടുത്തുക എന്ന കിരാത നയത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റ് എടുത്ത നടപടികളിൽ സംതൃപ്തരല്ലാത്തതുകൊണ്ട്, ഞങ്ങൾ ഇന്നത്തെ നിയമസഭാസമ്മേളനം ബഹിഷ്ക്കരിക്കുന്നു. (പ്രതിപക്ഷ ഉപനേതാവ് ശ്രീ. ജി. കാർത്തികേയന്റെ നേതൃത്വത്തിൽ പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ശേഷിച്ച സഭാനടപടികൾ ബഹിഷ്ക്കരിച്ച് സഭവിട്ട് പുറത്തുപോയി).

(2) മണ്ണാർക്കാട് ശ്രീ. ധർമ്മൻകോവിൽ ക്ഷേത്രത്തിലെ കവർച്ച

<u>ശ്രീ. ജോസ് ബേബി</u> : സർ, കേരളത്തിലെ പ്രസിദ്ധമായ ക്ഷേത്രമാണ് മണ്ണാർക്കാട് ശ്രീ. ധർമ്മൻകോവിൽ ക്ഷേത്രം. പ്രസിദ്ധമായ ശിവരാത്രി ആഘോഷങ്ങൾ സംഘടിപ്പിച്ചുകൊണ്ട് ഏറെ ശ്രദ്ധ പിടിച്ചുപറ്റിയിട്ടുള്ള ക്ഷേത്രത്തിലെ വിഗ്രഹം മോഷണം പോയിട്ട് ഒരു മാസമായി. ഇതുവരെ ഈ കേസിന് ഒരു തുമ്പുണ്ടാക്കാൻ സാധിച്ചിട്ടില്ല. വിവിധ ജനവിഭാഗങ്ങൾ ഇപ്പോഴും രാവുംപകലും ഈ അമ്പലത്തിൽ പൂജയും ഹോമവും നടത്തി അമ്പലത്തിൽ തന്നെ നിൽക്കുന്നു. അവിടത്തെ വിശ്വാസികളുടെ വിശ്വാസം വിഗ്രഹം തിരിച്ചു കിട്ടുമെന്നും, കള്ളനെ പിടിക്കുമെന്നുമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേക താൽപ്പര്യമെടുത്തുകൊണ്ട് ഈ ക്ഷേത്രത്തിൽ നടന്ന വിഗ്രഹ മോഷണത്തിന് തുമ്പ് ഉണ്ടാക്കാൻ പോലീസിന് ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly